**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5367** **21-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തിന് മുൻപ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **കോവിഡ് വ്യാപനത്തിന് മുൻപ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ നിന്ന് 68 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്.** |
| (ബി) | നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ 63 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. |
| (സി) | ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകൾ റദ്ദാക്കാനുണ്ടായ കാരണം വിശദമാക്കാമോ; റദ്ദാക്കിയ ഷെഡ്യൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാൽ താഴെ പറയുന്ന സർവ്വീസുകൾ നടത്തുന്നില്ല.<br>1. 06.30 പയ്യന്നൂർ-ഇരിട്ടി-മംഗലാപുരം<br>2. 06.00 പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ<br>3. 03.15 പയ്യന്നൂർ- തിരുനെല്ലി ക്ഷേത്രം<br>4. 10.50 പയ്യന്നൂർ - കടപ്പുറം<br>5. 16.00 പയ്യന്നൂർ - മഴൂർ -മംഗലാപുരം |
| (ഡി) | പ്രസ്തുത ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | റദ്ദ് ചെയ്ത സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ